"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല - ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രം (RSETI) - പ്രവേശന റോഡിന്റെ വീതി കൂട്ടുന്നതിനായി അധിക ഭൂമി ഉപയോഗിക്കുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2388/2024/LSGD തീയതി, തിരുവനന്തപുരം, 07-12-2024**

---

പരാമർശം:-
1. സ.ഉ.(സാധാ) നം. 3150/2009/ത.സ്വ.ഭ.വ, തീയതി, 26-11-2009.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21/03/2024 തീയതിയിലെ LSGD/PD/12744/2024-AR2 നമ്പർ കത്ത്.
3. തിരുവനന്തപുരം ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ 20/07/2024 തീയതിയിലെ എ2/1135/2012/പിഎയു നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിന് (Rural Self Employment Training Institute - RSETI) കെട്ടിടം നിർമ്മിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം ഓഫീസ് പ്രവർത്തിക്കുന്ന ഗ്രാമവികസന വകുപ്പിന്റെ അധീനതയിലുള്ളതും പേരൂർക്കട വില്ലേജിൽ സർവ്വേ നമ്പർ 84/2-ൽ ഉൾപ്പെട്ടതുമായ 79.04 സെന്റ് വസ്തുവിൽ 26.923 സെന്റ് വസ്തുവിന്റെ ഉടമസ്ഥാവകാശം ബ്ലോക്ക് പഞ്ചായത്തിൽ തന്നെ നിലനിറുത്തിക്കൊണ്ട് ലീഡ് ബാങ്ക് ആയ ഇന്ത്യൻ ഓവർസീസ് ബാങ്കിന് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ഉപയോഗാനുമതി നല്കി ഉത്തരവായിരുന്നു.

2) മേൽ വസ്തുവിലേക്കുള്ള പ്രവേശന റോഡിന്റെ വീതി നിർദ്ദിഷ്ട RSETI കെട്ടിടത്തിന് അപര്യാപ്തമായതിനാൽ RSETI സമർപ്പിച്ച കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ തിരുവനന്തപുരം നഗരസഭ നിരസിച്ചുവെന്നും ആയതിനാൽ പ്രവേശന റോഡിന്റെ വീതി കൂട്ടുന്നതിനായി ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം ഓഫീസ് കെട്ടിടത്തിന്റെ വടക്ക് നിന്നും 1.24 സെന്റ് വസ്തുവിൽ കൂടി ഉപയോഗാനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഗ്രാമവികസന വകുപ്പിന്റെ അധിനതയിലുള്ളതും പേരൂർക്കട വില്ലേജിൽ സർവ്വെ നമ്പർ 84/2ൽ ഉൾപ്പെട്ടുതമായ 79.04 സെന്റ് വസ്തുവിൽ

നിന്നും ഉടമസ്ഥാവകാശം ബ്ലോക്ക് പഞ്ചായത്തിൽ നിലനിറുത്തിക്കൊണ്ട് RSETI സ്ഥാപിക്കുന്നതിന് ലീഡ് ബാങ്കായ ഇന്ത്യൻ ഓവർസീസ് ബാങ്കിന് ഉപയോഗാനുമതി നൽകിയിട്ടുള്ള 26.923 സെന്റ് വസ്തുവിന് പുറമേ, ഉടമസ്ഥാവകാശം തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലനിറുത്തിക്കൊണ്ട് 1.24 സെന്റ് വസ്തുവിൽ കൂടി ലീഡ് ബാങ്കായ ഇന്ത്യൻ ഓവർസീസ് ബാങ്കിന് ഉപയോഗാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ചീഫ് റീജിയണൽ മാനേജർ, ഇന്ത്യൻ ഓവർസീസ് ബാങ്ക്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. & പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/79/2024-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 07-12-2024 18:12:23
സെക്ഷൻ ഓഫീസർ